**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3215** **26-06-2024 - ൽ മറുപടിയ്ക്ക്**

**ബ്ലാവനക്കടവ്, മണികണ്ഠൻ ചാൽ പാലങ്ങളുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിലെ കുട്ടമ്പുഴ പഞ്ചായത്തിലെ ബ്ലാവനക്കടവ്, മണികണ്ഠൻ ചാൽ പാലങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (എ) | ബ്ലാവനക്കടവ് പാലം : എറണാകുളം ജില്ലയിലെ കുട്ടമ്പുഴ ഗ്രാമപഞ്ചായത്തിൽ പെരിയാർ നദിക്ക് കുറുകെ ബ്ലാവന കല്ലേലിമേട് എന്നിവ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് ബ്ലാവന പാലം നിർമിക്കുന്നതിന് കേന്ദ്ര വന (സംരക്ഷണ) നിയമം 1980 പ്രകാരം കേന്ദ്രത്തിന്റെ അനുമതി ലഭ്യമാക്കുന്നതിനുള്ള അപേക്ഷ മിനിസ്റ്റി ഓഫ് എൻവയോൺമെന്റ് ആൻഡ് ഫോറസ്റ്റിന്റെ വെബ് സൈറ്റിൽ സമർപ്പിച്ചിരുന്നു. തുടർന്ന് ബന്ധപ്പെട്ട അതോറിറ്റി പ്രസ്തുത അപേക്ഷ സൂക്ഷ്മ പരിശോധന നടത്തുകയും, തുടർ നിർദ്ദേശപ്രകാരം Certificate of Authorisation ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ പാലം 2018-19, 2022-23, 2023-24 വർഷങ്ങളിലെ ബഡ്ജറ്റിൽ ഉൾപ്പെട്ട് വന്നിട്ടുള്ളതാണ് എന്നാൽ പ്രസ്തുത പാലം റിസർവ് വനത്തിന്റെ ഭാഗമായതിനാൽ ഇവിടെ സർവേ ചെയ്യുന്നതിനും ബോർഹോൾ എടുക്കുന്നതിനും മലയാറ്റൂർ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറിൽ നിന്നും അനുമതി ലഭ്യമാകേണ്ടതുണ്ട്. അതിനാവശ്യമായ അപേക്ഷ പൊതുമരാമത്തു വകുപ്പ് പാലം വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ വനം വകുപ്പിന് നൽകിയിട്ടുണ്ട്. ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ അനുമതി ലഭ്യമായാൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ സാധിക്കുന്നതാണ്. കേന്ദ്രത്തിന്റെ അനുമതി ലഭ്യമാക്കുന്നതിനുള്ള അപേക്ഷ വീണ്ടും മിനിസ്ട്രി ഓഫ് എൻവയോൺമെന്റ് ആൻഡ് ഫോറസ്റ്റിന്റെ വെബ്സൈറ്റിൽ (PARIVESH) സമർപ്പിക്കുകയും തുടർന്ന് ബന്ധപ്പെട്ട അതോറിറ്റി പ്രസ്തുത അപേക്ഷ സൂക്ഷമ പരിശോധന നടത്തുകയും Compensatory Levies Payment 893520/- രൂപ ലഭ്യമാക്കുന്നതിന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പേയ്മെന്റ് ഒഴിവാക്കുന്നതിന് വേണ്ടി ഫോറസ്റ്റ് ഓഫീസർക്ക് |

അപേക്ഷ സമർപ്പിച്ചുവെങ്കിലും ഗവൺമെന്റിന്റെ നിലവിലുള്ള മാർഗ നിർദ്ദേശങ്ങൾക്കനുസൃതമായി വനഭൂമികൾ, വനരഹിത ആവശ്യങ്ങൾക്കായി മാറ്റുന്നതിന് Compensatory Levies നിർബന്ധമാണെന്നും ആയതിനാൽ സർക്കാർ വകുപ്പുകൾ ഉൾപ്പെടെ ഏതെങ്കിലും ഉപയോക്തൃ ഏജൻസിക്ക് Compensatory Levies ഒഴിവാക്കാനാവില്ലെന്നും അറിയിച്ചതിനാൽ അത് ലഭ്യമാക്കുന്നതിന് 13/06/2024 തീയതിയിൽ ചീഫ് എഞ്ചിനീയർ സമർപ്പിച്ച പ്രൊപ്പോസൽ നിലവിൽ ധനവകുപ്പിന്റെ പരിഗണനയിലാണ്.

മണികണ്ഠൻചാൽ പാലം

എറണാകുളം ജില്ലയിലെ കോതമംഗലം നിയോജകമണ്ഡലത്തിലെ കുട്ടമ്പുഴ ഗ്രാമപഞ്ചായത്തിൽ പൂയംകുട്ടി മണികണ്ഠൻചാൽ റോഡിലെ മണികണ്ഠൻചാൽ പാലത്തിന്റെ പുനർനിർമ്മാണത്തിന് 0.75 ഹെക്ടർ വനഭൂമി അനുവദിക്കുന്നതിനായി കേന്ദ്ര വന (സംരക്ഷണ)നിയമം 1980 പ്രകാരം കേന്ദ്രത്തിന്റെ അനുമതി ലഭ്യമാക്കുന്നതിനായി മിനിസ്ട്രി ഓഫ് എൻവയോൺമെന്റ് & ഫോറസ്ട്രിയുടെ വെബ്സൈറ്റ് മുഖേന അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ്. ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിലെ ബന്ധപ്പെട്ട ഓഫീസറുടെ നിർദ്ദേശപ്രകാരം കുട്ടമ്പുഴ റേഞ്ച് ഫോറസ്റ്റ് ഓഫീസറുമായി 27.07.2022 തീയതിയിൽ ജോയിന്റ് ഇൻസ്പെക്ഷൻ നടത്തുകയും, തുടർന്ന് അലൈൻമെന്റ് ഡ്രോയിംഗ് പ്രകാരം മുറിക്കേണ്ടതായി വരുന്ന മരങ്ങൾ മാർക്ക് ചെയ്ത്, ഫോറസ്റ്റ് ഡിപാർട്ട്മെന്റ് തന്നെ പ്രസ്തുത പാലത്തിന്റെ ഇരുഭാഗത്തുമുള്ള മരങ്ങളുടെ ലിസ്റ്റ് എടുത്ത് റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളതുമാണ്. അതുപ്രകാരം പാലം പണിയുന്നതിനായി ലാൻഡ് അക്വിസിഷൻ നടപടികൾ ആരംഭിക്കുന്നതിനു വേണ്ടി Boundary Stone Fix ചെയ്യുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. എന്നാൽ നിലവിൽ ലിസ്റ്റ് ചെയ്ത 52 മരങ്ങളിൽ ഫോറസ്റ്റ് ആഫീസിനു മുൻപിലുള്ള ഒരു മരം ഒഴിവാക്കിക്കൊണ്ട്, ഭൂമി ഏറ്റെടുത്ത് നിർമ്മാണ പ്രവൃത്തികൾ നടത്തുക എന്ന ആവശ്യവുമായി ഫോറസ്റ്റ് ഡിപാർട്ട്മെൻറ് വീണ്ടും ഒരു ജോയിന്റ് ഇൻസ്പെക്ഷൻ ആവശ്യപ്പെടുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ 25.05.2023-ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി വീണ്ടും സ്ഥലം സന്ദർശിച്ചിരുന്നു. എന്നാൽ അപ്രോച്ച് റോഡിലെ കൂടുതൽ മരങ്ങൾ സംരക്ഷിച്ചുകൊണ്ട് പാലം നിർമ്മിക്കുന്നതിനായി അലൈൻമെന്റ് പുനഃപരിശോധിക്കുന്നതിന് ഫോറസ്റ്റ്

| | | | |
|---|---|---|---|
| | | | ഡിപാർട്ട്മെന്റ് ആവശ്യപ്പെട്ടു. അതിന്റെ അടിസ്ഥാനത്തിൽ 13.09.2023, 14.09.2023 തീയതികളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി വീണ്ടും സ്ഥലം സന്ദർശിച്ചിരുന്നു. ഫോറസ്റ്റ് ഉദ്യോഗസ്ഥരുമായി വിശദമായി നടത്തിയ ചർച്ചയിലൂടെയും പരിശോധനയിലൂടെയും, പഴയ പാലം നിലനിർത്തിക്കൊണ്ട് മറ്റൊരു അലൈൻമെന്റിലൂടെ കൂടുതൽ മരങ്ങൾ സംരക്ഷിച്ചുകൊണ്ട് നിർമ്മാണ പ്രവൃത്തികൾ നടത്താൻ അഭിപ്രായപ്പെട്ടുകയുണ്ടായി. അതുപ്രകാരം പുതിയ അലൈൻമെന്റ് അംഗീകാരത്തിനായി നൽകുന്ന നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | ആദിവാസി സമൂഹം ഉൾപ്പെടെ നിരവധി പേരുടെ ഏക യാത്രാമാർഗ്ഗമായ പ്രസ്തുത പാലങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ അടിയന്തരമായി പൂർത്തീകരിക്കുമോ; വിശദമാക്കുമോ? | (ബി) | (എ) പിരിവിന്റെ അതേ മറുപടി. |

സെക്ഷൻ ഓഫീസർ